വി ടി ഭട്ടതിരിപ്പാട് ജനിച്ചിട്ട് 125 വർഷം പിന്നിടുകയാണ്. 126--ാം ജന്മദിനത്തിൽ അദ്ദേഹത്തിന്റെ മകൻ വി ടി വാസുദേവൻ എഴുതുന്നുഒരാൾ ഒറ്റയ്ക്കു വയർനിറച്ചുണ്ണുന്നതും അനുഭവിക്കുന്നതും അത്ര സുഖമുള്ള കാര്യമല്ല. തെല്ലു സഹാനുഭൂതിക്കായി വൈദികത്വത്തിനോടും ജന്മിത്വത്തിനോടും സർവ ആഢ്യത്വങ്ങളോടും പൊരുതിയ അച്ഛന്റെ ജീവിത കഥ 125--ാം ജന്മവാർഷികത്തിലും  പറഞ്ഞുതരുന്നത് ഇതാണ്. ആദ്യ ലോകയുദ്ധം പൊട്ടിപ്പുറപ്പെടുമ്പോൾ ഒരു ശാസ്താംകാവിലെ ശാന്തിക്കാരനായി തിടപ്പള്ളിയിൽ കടക്കൊള്ളിയുന്തിക്കഴിഞ്ഞ യുവാവിന്റെ ഉയിർത്തെഴുന്നേൽപ്പ് അതിന്റെ ഗുണഫലം അനുഭവിക്കുന്ന പുതിയ തലമുറകൾക്ക് കേട്ടുകേൾവിയായി മാറിയ കാലഘട്ടത്തിന്റെ കഥ കൂടിയാണ് അച്ഛന്റെ ജീവിതം.മറ്റു മാലോകരെപ്പോലെ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആഗ്രഹിച്ച സ്ത്രീപുരുഷന്മാരാണ് ക്ഷയോന്മുഖമായി തുടങ്ങിയ പണ്ടത്തെ നാലുകെട്ടുകളിൽ നിവസിച്ചിരുന്നത്. പക്ഷേ, അന്തർജനങ്ങളും അപ്ഫന്മാരും ഒരുപോലെ അശരണരായിരുന്നു. വിവാഹം കഴിക്കാത്ത ജ്യേഷ്ഠന്മാരുണ്ടെങ്കിൽ ഇളയ അംഗങ്ങൾക്കു സ്വജാതിവിവാഹത്തിന് അനുമതിയില്ല. അങ്ങനെയുള്ള വിവാഹം ‘പരിവേദനം’ എന്ന പേരിൽ ‘പ്രായശ്ചിത്തമില്ലാത്ത പാപ’മായാണ് അറിയപ്പെട്ടിരുന്നത്. അനുജൻ അഥവാ വിവാഹിതനായാൽ ഏട്ടന് ഭ്രഷ്ട്. തിരണ്ടിരിക്കുന്ന പെൺകിടാവിനാണെങ്കിൽ ബ്ലൗസിടാൻ പാടില്ല. ഇരുട്ടുമൂടിയ നാലുകെട്ടിൽനിന്ന് വെളിച്ചത്തിലേക്കു പ്രവേശിച്ചുകൂടാ.